(ബി, സി) എഞ്ചിനീയർമാരുടെ കുറവ് കാരണം പണികൾ മുടങ്ങാതിരിക്കാനും പൂർത്തിയാകാതെ കിടക്കാൻ ഇടയാകാതെയും ശ്രദ്ധിക്കുന്നുണ്ട്.

(ഡി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

ജില്ലാ ആശുപത്രിയിലെ പവർകട്ട് ഒഴിവാക്കാൻ നടപടി

33 [3173] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും ജില്ലാ ആശുപത്രിയിലോ, മെഡിക്കൽ കോളേജുകളിലോ പവർകട്ട് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) മഞ്ചേരിയിലെ ജില്ലാ ആശുപത്രിയിൽ പവർകട്ട് നിലവിലുള്ളത് രോഗികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മഞ്ചേരി ജില്ലാ ആശുപത്രിയിലെ പവർകട്ട് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ സർക്കാർ ഉടമസ്ഥതയിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികളെ നിലവിലുള്ള ലോഡ് ഷെഡ്ഡിങ്ങിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ജില്ലാ ആശുപത്രികളെ അര മണിക്കൂർ ലോഡ് ഷെഡ്ഡിങ്ങിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

(സി) ഇപ്പോൾ പരിഗണിക്കാനാവില്ല.

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ നൽകിയ വൈദ്യുത കണക്ഷനുകൾ

34 [3174] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ എത്ര വൈദ്യുതി കണക്ഷൻ ഇതുവരെയായി നൽകിയിട്ടുണ്ട്;

(ബി) ഇതിൽ ഒ. വൈ. ഇ. സി. അപേക്ഷകർ എത്ര;

(സി) സാധാരണഗതിയിൽ അപേക്ഷിച്ചവർ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇനിയും കണക്ഷൻ ലഭിക്കുന്നതിനായി എത്ര പേരാണ് അപേക്ഷ

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുള്ളത് എന്നും അതിൽ ഒ. വൈ. ഇ. സി. അടച്ച അപേക്ഷകരെത്ര, സാധാരണക്കാരായ അപേക്ഷകരെത്ര എന്നും അറിയിക്കാമോ;

(ഇ) പ്രസ്തുത അപേക്ഷകർക്ക് കണക്ഷൻ നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(എഫ്) ഈ അപേക്ഷകർക്ക് എന്നത്തേക്ക് കണക്ഷൻ നൽകാനാവുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 3605 എണ്ണം.

(ബി) 2173 എണ്ണം.

(സി) 1432 എണ്ണം.

(ഡി) അപേക്ഷകർ .. 3234
സാധാരണ അപേക്ഷകർ .. 3014
ഒ. വൈ. ഇ. സി. അപേക്ഷകർ .. 220

(ഇ, എഫ്) സാധനസാമഗ്രികളുടെ ലഭ്യത അനുസരിച്ച് മുൻഗണനാക്രമത്തിൽ കണക്ഷനുകൾ നൽകുന്നതാണ്.

കുന്ദമംഗലം മണ്ഡലത്തിൽ സ്ഥാപിച്ച ട്രാൻസ്ഫോർമറുകൾ

35 [3175] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇവയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇനിയും ഏതെല്ലാം പഞ്ചായത്തിലാണ് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ പരിപാടിയുള്ളത്;

(ഡി) പ്രസ്തുത ട്രാൻസ്ഫോർമറുകൾ എന്നത്തേക്ക് സ്ഥാപിച്ച് വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 7 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly